


കുസുമം



# അപ്പുണ്ണിയും കാക്കയും

അപ്പുണ്ണി വീട്ടു വരാന്തയിലിരുന്ന് അമ്മ ചുട്ടു കൊടുത്ത അപ്പം തിന്നുകൊണ്ടിരുന്നു. കിട്ടൻകാക്ക ഇത് കണ്ടുകൊണ്ട് മാവിന്റെ മുകളിൽ ഇരിക്കുകയായിരുന്നു.

അന്നു രാവിലെ എല്ലായിടത്തും പറന്നു നടന്നിട്ട് കിട്ടൻ കാക്കക്ക് ഒന്നും തിന്നാൻ കിട്ടിയില്ല. കാക്ക വിചാരിച്ചു, ഈ അപ്പുണ്ണി ഒരു കഷ്ണം അപ്പം ഇട്ടു തന്നിരുന്നെങ്കിൽ...! അവൻ പറന്ന് അപ്പുണ്ണിയുടെ അടുത്ത് മുറ്റത്ത് വന്നിരുന്നു. പാത്രത്തിലോട്ട് നോക്കി.

ഒരു മുഴുവനപ്പം പാത്രത്തിലിരുപ്പുണ്ട്. കിട്ടൻ കാക്ക കൊതിയൂറി നോക്കിക്കൊ

ണ്ടിരുന്നു. അപ്പുണ്ണി കാക്കയോടു ചോദിച്ചു: “എന്താ എന്റെ അപ്പം റാഞ്ചിയെടുക്കാൻ വല്ല നോട്ടവും ഉണ്ടോ കിട്ടൻകാക്കയ്ക്ക്?” കാക്ക പറഞ്ഞു: “എനിക്കങ്ങനെ തട്ടിപ്പറിച്ചൊന്നും വിശപ്പടക്കണ്ട. വല്ലതും ഇട്ടു തന്നാൽ തിന്നാം.”

അപ്പുണ്ണിക്ക് ദയ തോന്നി. അവൻ കിട്ടൻകാക്കക്ക് പാത്രത്തിലിരുന്ന അപ്പം മുറ്റത്തേക്കിട്ടു കൊടുത്തു. വേഗം തന്നെ കിട്ടൻകാക്ക കാ... കാ... എന്ന് കരഞ്ഞ് കൂട്ടുകാരെയൊക്കെ വരുത്തി.

മൂന്നാലു കാക്കകൾ അവിടുന്നും ഇവിടുന്നും ഒക്കെയായി പറന്നു വന്നു. അവരെല്ലാവരും കൂടി അപ്പുണ്ണി ഇട്ടുകൊടുത്ത അപ്പം സുഖമായി ഭക്ഷിച്ചു. ചിറകെല്ലാം കുടഞ്ഞ് സന്തോഷത്തോടെ പറന്നുപോയി.

പിറ്റെ ദിവസവും അപ്പുണ്ണി അപ്പവുമായി തിണ്ണയിൽ വന്നിരുന്നു. കിട്ടൻകാക്ക തലേദിവസത്തെപ്പോലെ അപ്പത്തിൻെറ രുചിയോർത്ത് മാവിന്റെ കൊമ്പത്തിരുന്ന് കാ.. കാ... എന്നു കരഞ്ഞ് അപ്പുണ്ണിയുടെ ശ്രദ്ധ പിടിച്ചു.

അപ്പുണ്ണി കാക്കയോടു പറഞ്ഞു: “ഇന്നലെ നിനക്കു തിന്നാൻ തന്ന അപ്പം നീ എല്ലാവരെയും കൂടി വിളിച്ചു വരുത്തി കൊടുത്തില്ലേ. അതുകൊണ്ട് നിനക്ക് ഇന്ന് ഒന്നും തിന്നാൻ തരുന്നില്ല. എന്തിനാണ് നീ എല്ലാവരെയും ക്ഷണിച്ചു വരുത്തിയത്?”

ഉടൻതന്നെ കിട്ടൻ കാക്ക പറഞ്ഞു: “അപ്പുണ്ണിയേ, ഒറ്റയ്ക്കു തിന്നുന്നതിനെക്കാൾ രസം പങ്കിട്ടു കഴിക്കുന്നതാണ്. പങ്കിട്ടു കഴിക്കുന്നതിന്റെ സുഖം ഒന്നു വേറെത്തന്നെയാണേ!”

അത് അപ്പുണ്ണിക്ക് ഒരു പാഠമായിരുന്നു. അപ്പുണ്ണി അന്നുതൊട്ട് ഭക്ഷണം കൂട്ടുകാരുമായി പകുത്ത് കഴിച്ചുതുടങ്ങി. അങ്ങനെ ഭക്ഷണം പങ്കിട്ടു കഴിക്കുന്നതിൻെറ സുഖം അപ്പുണ്ണിക്കും ലഭിച്ചു. കൂട്ടുകാരോടെല്ലാം അപ്പുണ്ണി ഈ വിവരം പറഞ്ഞു.

✦

